# ആനന്ദമഠത്തിലെ "ജനനീ ജന്മഭൂമിശ്ച" യുടെ പ്രശ്നം

## പ്രദീപ് ഭട്ടാചാര്യ[1]

(വിവർത്തനം - എ. പുരുഷോത്തമൻ)

*ആനന്ദമഠ*[2]ത്തിലെ പത്താമധ്യായത്തിൽ, മാതാവ് എന്തായിരുന്നുവോ, എന്താണോ, എന്തായിത്തീരുമോ, എന്നതിനെക്കുറിച്ചുള്ള ശ്രദ്ധേയമായ ഭാഗത്തിനു തൊട്ടുമുമ്പ്, നായകൻ മഹേന്ദ്രൻ, *വന്ദേ മാതരം* എന്ന ഗാനത്താൽ ആശ്ചര്യചകിതനായി സന്യാസി ഭവാനന്ദനോട് ചോദിക്കുന്നു: "എന്ത് മാതാവ്? … അത് സ്വദേശമാണ്, പെറ്റമ്മയല്ല". സന്താനങ്ങൾ അറിയുന്ന ഒരേയൊരു മാതാവ്, മാതൃഭൂമിയാണ്, ഭവാനന്ദൻ മറുപടി പറയുന്നു; എന്തെന്നാൽ, അയാൾ സംസ്കൃതത്തിൽ ഉദ്ധരിക്കുന്നു: "ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി" - മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തേക്കാളധികം മഹത്താണ്. പത്താമദ്ധ്യായത്തിൽ ശ്രീ അരവിന്ദൻ മൊഴിമാറ്റം ചെയ്ത ഭാഗം ഇതാ: "ഭവാനന്ദൻ മറുപടി പറഞ്ഞു: ഞങ്ങൾ മറ്റൊരമ്മയേയും അറിയുന്നില്ല. മാതാവും മാതൃഭൂമിയും സ്വർഗ്ഗത്തേക്കാളധികം മഹത്താണ്".

ഈ അർദ്ധശ്ളോകം എന്നെ കുഴക്കി. എന്തെന്നാൽ ഞാനറിയുന്ന ഒരൊറ്റ സംസ്കൃത കൃതിയിലും എനിക്കിത് കണ്ടെത്താൻ കഴിഞ്ഞില്ല. അങ്ങനെ എന്റെ അന്വേഷണം തുടങ്ങി. ഞാൻ ആദ്യം നോക്കിയത് ലക്നൗവിലെ ശ്രീ ലീലാധർ ശർമ്മ പാർവ്വതീയ സസൂക്ഷ്മം സമാഹരിച്ച *ഭാരതീയ സംസ്കൃതകോശം* ആയിരുന്നു. ശ്ളോകം അതിൽ കാണാഞ്ഞതിനാൽ ഞാൻ അദ്ദേഹത്തിന് എഴുതി. എൺപതു കഴിഞ്ഞ ആ സ്വാതന്ത്ര്യ സമരസേനാനി, തനിക്കും ആ ശ്ളോകത്തിന്റെ ഉദ്ഭവത്തെപ്പറ്റി യാതൊന്നും അറിയില്ല എന്നും, പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ ആയിരിക്കാം ശ്ളോകത്തിന്റെ കർത്താവ് എന്ന് ആളുകൾ പറയുന്നത് താൻ കേട്ടിട്ടുണ്ട് എന്നും പ്രതികരിച്ചു. എന്തൊരു ചരിത്രവൈരുദ്ധ്യം!

ഞാൻ ഇതേപ്പറ്റി, പുരാതന ഇന്ത്യൻ സാഹിത്യത്തിൽ അഗാധമായി മുഴുകിയ രണ്ട് ശാസ്ത്രജ്ഞരോട് അന്വേഷിച്ചു - ഒരു തമിഴൻ ഗണിത ശാസ്ത്രജ്ഞൻ - പ്രൊഫസർ ഭാനുമൂർത്തി; ഒരു മലയാളി ന്യൂക്ളിയർ ഭൗതിക ശാസ്ത്രജ്ഞൻ ഡോക്ടർ ഹരീന്ദ്രനാഥ് - രണ്ടുപേർക്കും ഈ ശ്ളോകം നല്ല പരിചയമുണ്ടായിരുന്നു. പ്രൊഫസർ ഭാനുമൂർത്തി നാക്കിൻ തുമ്പത്തു നിന്നു തന്നെ മുഴുവൻ ശ്ളോകവും[3] ഉദ്ധരിച്ചു. ഡോക്ടർ ഹരീന്ദ്രനാഥ് ഇതേപ്പറ്റി അദ്ദേഹത്തിന്റെ മലയാള അദ്ധ്യാപകൻ ശ്രീ പി. രാധാകൃഷ്ണൻ നായരോട് അന്വേഷിച്ചു; അദ്ദേഹം ഉടൻ തന്നെ മുഴുവൻ ശ്ളോകവും ചൊല്ലി എന്നു ഞാനറിഞ്ഞു. തെക്കേ ഇന്ത്യയിലെ സംസ്കൃത അദ്ധ്യപകർക്ക് ഈ ശ്ളോകം നന്നായിട്ടറിയാമെന്നു തോന്നുന്നു; അവരെല്ലാം ഇത് രാമായണത്തിൽ നിന്നാണെന്നും, രാമൻ അയോദ്ധ്യയിലേക്കു മടങ്ങുന്നതിനു പകരം, സുവർണ്ണ ലങ്ക ഭരിക്കണമെന്നുള്ള വിഭീഷണന്റെ/ലക്ഷ്മണന്റെ അപേക്ഷയുടെ പ്രതികരണമായി രാമൻ പറഞ്ഞതാണെന്നും പറയുന്നു. ഞാൻ *അദ്ധ്യാത്മ രാമായണ*വും, *യോഗവാസിഷ്ഠ രാമായണ*വും, തപ്പി നോക്കി. online *ആനന്ദ രാമായണ*ത്തിന്റെ വിവർത്തകനോട് അന്വേഷിച്ചു; എല്ലാം നിഷ്ഫലം.

പിന്നെ ഞാൻ internetനെ ശരണം പ്രാപിച്ചു. അന്വേഷണ യന്ത്രങ്ങൾ, ഭാരതീയ വിദ്യാഭവന്റെ website തെരഞ്ഞു കൊണ്ടു വന്നു. അതിൽ Bhavan's Journalന്റെ രാമനവമിപ്പതിപ്പിനു വേണ്ടി, സ്വാമി രംഗനാഥാനന്ദയുടെ സന്ദേശം പുനരുദ്ധരിക്കപ്പെട്ടു. ഇതിൽ, അഭിവന്ദ്യനായ സ്വാമി ആഹ്വാനം ചെയ്യുന്നു: "നാം, ഇന്ത്യയിൽ ഇന്ന് ശ്രീരാമന്റെ ഈ സുപ്രധാന വചനത്താൽ പ്രചോദിതരാകേണ്ടതാണ്: ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി - മാതാവും മാത്രുഭൂമിയും സ്വർഗ്ഗത്തേക്കാൾ എത്രയോ മഹത്തമാണ്"'.

എന്റെ കയ്യിലുള്ള ഇതിഹാസത്തിന്റെ പതിപ്പിൽ, എനിക്കിത് കണ്ടെത്താൻ കഴിയാഞ്ഞതിനാൽ, ഞാൻ Bhavan's Journalന്, അദ്ധ്യായവും പദ്യവും അന്വേഷിച്ചു കൊണ്ട് ആകാംക്ഷയോടെ e-mail അയച്ചു. എനിക്കു കിട്ടിയ മറുപടി വളരെ രസകരമായിരുന്നു. അഭിവന്ദ്യനായ സ്വാമിയെ ഇതിനായി

ബുദ്ധിമുട്ടിക്കുന്ന പ്രശ്നമേ ഇല്ല എന്നും, ഇതിഹാസത്തിലൂടെ ശ്ലോകം തേടി നടക്കാൻ കഴിവുള്ള പണ്ഡിതന്മാർ ദുർല്ലഭമാണെന്നും, എന്നാലും അവർ ശ്രമിക്കുമെന്നും അവർ പറഞ്ഞു. അവരുടെ ശ്രമങ്ങളെല്ലാം നിഷ്ഫലം.

ഈ വിഷമസന്ധിയിൽ, ധൈര്യമെല്ലാം സംഭരിച്ചുകൊണ്ട്, ഞാൻ, ഇപ്പോൾ രാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും അദ്ധ്യക്ഷനായ സ്വാമിക്ക് എഴുതി. അദ്ദേഹത്തിന്റെ സെക്രട്ടറി ഇപ്രകാരം പ്രസ്താവിച്ചുകൊണ്ട്, ഒരു മറുപടി അയക്കാൻ കനിഞ്ഞു. " വാചസ്പത്യം സംസ്കൃത നിഘണ്ടുവിന്റെ നാലാം വോള്യത്തിൽ, ജന്മഭൂമി എന്ന വാക്കിനു താഴെ, ഒരു ഉദ്ഭാതശ്ലോകമായി മാത്രം ഇതിനെ സൂചിപ്പിക്കുന്നു. ഉദ്ഭാതശ്ലോകം എന്നാൽ ഒരു ഗ്രന്ഥത്തിലും കാണാത്തതും (ഗ്രന്ഥേർ ബഹിർഭൂതം), ലോകപ്രസിദ്ധവും, അജ്ഞാതകർത്തൃകവും (അറിയപ്പെടാത്ത കർത്താവ്) എന്നർത്ഥം. അതിനാൽ ഈ ശ്ലോകം പുസ്തകങ്ങളിലൊന്നും കാണില്ല എന്നു വ്യക്തം. ഞങ്ങളുടെ അദ്ധ്യക്ഷൻ മഹാരാജ് ഈ ശ്ലോകത്തെ ശ്രീ രാമചന്ദ്രനുമായി ബന്ധപ്പെടുത്തിയതിനെപ്പറ്റിയാണെങ്കിൽ - പാരമ്പര്യമായി അങ്ങനെയാണ് ഈ ശ്ലോകം ഓർമ്മിക്കപ്പെടുന്നത്. ഈ ശ്ലോകം ഉദ്ധരിച്ചുകൊണ്ട്, ശ്രീരാമചന്ദ്രൻ ലക്ഷ്മണനോട്, ലങ്കയിലെ തന്റെ ജോലി പൂർത്തിയായ ശേഷം, മാതൃഭൂമിയിലേക്ക് മടങ്ങാനുള്ള തന്റെ ആഗ്രഹം വ്യക്തമാക്കി എന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു". തെക്കേ ഇന്ത്യയിൽ ഈ ചൊല്ലിന്റെ പ്രചാരത്തെപ്പറ്റിയുള്ള എന്റെ വാദത്തെ, സ്വാമി ആ ഭാഗത്തുനിന്നുള്ള ആൾ ആയതിനാൽ, ഇത് സാധൂകരിക്കുന്നു.

മുമ്പൊരു സന്ദർഭത്തിൽ, "പഞ്ചകന്യാശ്ലോക[4]"ത്തെപ്പറ്റിയുള്ള യാതൊരു പിടിയും കിട്ടാതിരുന്നപ്പോൾ, internetലെ indology listserver[5]നോട് സഹായമഭ്യർത്ഥിച്ചത് ഓർമ്മിച്ചുകൊണ്ട് ഞാൻ അതിനെ സമീപിച്ചു. ഹോളണ്ടിലെ പ്രൊഫസർ Jan E. M. Houbenൽ നിന്നും എനിക്കൊരു പ്രതികരണം ലഭിച്ചു. അദ്ദേഹം എഴുതി: "ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി എന്നത് ഒരു ഉദ്ധരണിയാണെന്നു ഞാൻ ബലമായി വിശ്വസിക്കുന്നു. എന്നാൽ അത് നോവലിന്റെ ഭാഗമായിട്ടാണ് എനിക്കു തോന്നിയത്. ഇന്ത്യയുടെ മോചനത്തിനു കാരണമായ ഇന്ത്യൻ ദേശീയതയുടെ ആശയം, ബങ്കിം ചന്ദ്രന്റെ കാലത്ത് പുതുതായി ഉത്ഭവിച്ചതാണെന്നും ശ്രദ്ധിക്കുക. ആശയവും, അതിന്റെ പ്രകാശനവും - രണ്ടും പുതിയതാണ്. അതിനാലാണ് ഒരു പൂർവ്വ സ്ത്രോതസ്സ് കാണാൻ കഴിയാത്തത്. ശങ്കരാചാര്യർക്ക് "ജനനി"യെങ്കിലും അത്ര പവിത്രമായിരുന്നില്ല: പുനരപി ജനനം, പുനരപി മരണം, പുനരപി ജനനീ ജഠരേ ശയനം, ഇഹ സംസാരേ ബഹു ദുസ്താരേ, കൃപയാപാരേ, പാഹി മുരാരേ! ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി തീർച്ചയായും ഒരു ശ്ലോകാർദ്ധമാണ്. എന്നാലും ആശയവും അതിന്റെ രൂപീകരണവും പുതിയതും ബങ്കിം ചന്ദ്രന്റെ പ്രത്യേക സന്ദർഭത്തിന് അനുയോജ്യവുമായി തോന്നുന്നു." എങ്കിൽ, അഗാധമായ പ്രചോദനം നൽകുന്ന ഈ ശ്ലോകം "വന്ദേ മാതരം" എഴുതിയ പോലെ ബങ്കിം ചന്ദ്രാണോ എഴുതിയത്? പ്രഫസർ J.L. Brockington (Secretary General, International Association of Sanskrit Studies) എന്റെ ചോദ്യത്തിനുള്ള പ്രതികരണത്തിൽ അപ്രകാരം കരുതുന്നുവെന്നു തോന്നുന്നു: "ആനന്ദമഠത്തിൽ മറ്റൊരിടത്ത്, ബങ്കിം ചന്ദ്ര ചാറ്റർജി കൂടുതൽ പ്രശസ്തമായ വന്ദേ മാതരത്തിൽ സംസ്കൃത ശ്ലോകങ്ങൾ എഴുതുന്നു. ഇത് അദ്ദേഹത്തിന്റെ സ്വകൽപിതങ്ങളിലൊന്നാണെന്നു ഞാൻ സംശയിക്കുന്നു".

അങ്ങനെയാണെങ്കിൽ, തെക്കേ ഇന്ത്യയിൽ എന്തു കൊണ്ടാണ് ഈ ശ്ലോകം ഇത്രയധികം അറിയപ്പെടുന്നതും അതിനെ അനിവാര്യമായി രാമനുമായി ബന്ധപ്പെടുത്തുന്നതും? എപ്പോഴാണ് ഈ പാരമ്പര്യം അവിടെ ഉദ്ഭവിച്ചത്? കൂടാതെ, ബങ്കിം ഇത് സ്വയം എഴുതാതെ, പൊതുജന സ്മരണയിൽ നടപ്പുള്ള ഒന്നാണ് ഉപയോഗിച്ചതെങ്കിൽ, വാത്മീകി രാമായണത്തിന്റെ ഗൗഡീയ സംശോധിത ഗ്രന്ഥത്തിൽ എന്തുകൊണ്ട് അത് എവിടേയും കാണുന്നില്ല? ഞാൻ ഇതിഹാസത്തിന്റെ വിമർശപ്പതിപ്പിന്റെ പ്രസാധകരായ Oriental Institute of Barodaയുമായി അന്വേഷിച്ചു. അവരുടെ ഔദ്യോഗിക നിയന്ത്രകൻ എനിക്കെഴുതി: "നിങ്ങളുടെ ചോദ്യത്തെപ്പറ്റി - ഈ ശ്ലോകം എവിടേയും കണ്ടെത്താനാ

വില്ല. ഞങ്ങൾ പ്രസിദ്ധീകരിച്ച വാത്മീകിരാമായണത്തിന്റെ വിമർശപ്പതിപ്പിന്റെ പദസൂചിയുടെ മൂന്നു വോള്യങ്ങളിലും ഞങ്ങൾ നോക്കി. (ആഖ്യാനത്തിലെ ശ്ലോകങ്ങളുടേയും പ്രധാന ഭാഗങ്ങളുടേയും അനുബന്ധങ്ങളുടേയും സൂചികയാണിത്.) എന്നാൽ ഈ ശ്ലോകം അതിൽ കാണുന്നില്ല."

പ്രശസ്തനായ വാമദേവൻ ( David Frawley) ഇന്ത്യയിലുണ്ടെന്നു കേട്ട്, ഞാൻ ശ്രീ എൻ. എസ്. രജാറാം വഴി അദ്ദേഹവുമായി ബന്ധപ്പെടാൻ ശ്രമിച്ചു. എന്നാൽ, ഇതിഹാസങ്ങൾ Frawleyയുടെ വിഷയമല്ല എന്ന് ശ്രീ രാജാറാം എന്നോട് പറഞ്ഞു. ഈ ശ്ലോകം ഒരു ഹനുമാൻ നാടകപ്രദർശനത്തിൽ കേട്ട ഓർമ്മയുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. Camille Bulckeയുടെ സ്മരണാർഹമായ "രാമകഥ: ഉൽപ്പത്തിയും വികാസവും" എന്ന ഗ്രന്ഥം ഇതിനുവേണ്ടി പരിശോധിച്ചപ്പോൾ, ഹനുമാൻ നാടകത്തെക്കുറിച്ചുള്ള ഭാഗങ്ങളിലോ, മറ്റിടങ്ങളിലോ, ഈ ശ്ലോകത്തെപ്പറ്റി യാതൊരു സൂചനയും എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല.

ഇതിനിടയിൽ, ഞാൻ കേംബ്രിഡ്ജ് സർവ്വകലാശാലയിലെ പ്രൊഫസർ Julius Lipnerനെ കണ്ടു. അദ്ദേഹം *ആനന്ദമഠ*ത്തിന്റെ ഒരു പുതിയ മൊഴിമാറ്റം പൂർത്തിയാക്കുകയായിരുന്നു. എന്നാൽ, അദ്ദേഹം, ശ്രീ അരവിന്ദന്റേയോ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ ബരീന്ദ്ര ഘോഷിന്റേയോ മൊഴിമാറ്റങ്ങൾ കണ്ടിരുന്നില്ല. ഞാൻ അദ്ദേഹത്തിന് ഒരു കോപ്പി കൊടുത്തു, മുർഷിദാബാദ് ജില്ലയിലെ ലാൽഗോളയിലേക്ക്, മാതാവ് എന്താണോ എന്ന ബങ്കിമിന്റെ ദർശനത്തിന് പ്രചോദനം നൽകിയ കാളിദുർഗ്ഗാ വിഗ്രഹം കാണാൻ അദ്ദേഹത്തിന്റെ സന്ദർശനത്തിന് ഏർപ്പാടാക്കുകയും ചെയ്തു. ഞാൻ പ്രശ്നം അദ്ദേഹത്തോടുന്നയിച്ചു. എന്നാൽ അദ്ദേഹത്തിന് ഒരു പിടിയും ഉണ്ടായിരുന്നില്ല. ഇംഗ്ളണ്ടിലേക്കു മടങ്ങിയ ശേഷം അദ്ദേഹം, ഇതിഹാസം ശ്ലോകാനുശ്ലോകം പഠിച്ച Edinburgh സർവ്വകലാശാലയിലെ പ്രൊഫസർ J.L. Brockington അടക്കം, അനവധി പണ്ഡിതന്മാരുമായി സമ്പർക്കം പുലർത്തി. "അവരെല്ലാവരും പറയുന്നു" , പ്രൊഫസർ Lipner എനിക്കെഴുതി, "രാമായണത്തിന്റെ അവർക്കറിയാവുന്ന ഒരു പതിപ്പിലും ഈ ശ്ലോകം ഇല്ല! നാടൻ ചൊല്ല്?" പിന്നീട് പ്രൊഫസർ J.L. Brockingtonൽ നിന്നും എനിക്കൊരു മറുപടി കിട്ടി: " ഈ ശ്ലോകം എനിക്കറിയാവുന്നിടത്തോളം രാമായണത്തിന്റെ യാതൊരു സംസ്കൃത ഭാഷ്യങ്ങളിലും ഇല്ല. മാത്രമല്ല, വാത്മീകിരാമായണത്തിൽ എവിടേയും ഈ ശ്ലോകം ഇല്ല എന്നെനിക്ക് തീർത്തു പറയാൻ കഴിയും."

എന്നാൽ പ്രൊഫസർ Lipner വളരെ കുഴക്കുന്ന മറ്റൊരു വസ്തുത ചൂണ്ടിക്കാണിച്ചു. ദക്ഷിണേശ്വരത്തെ കാളീക്ഷേത്രത്തിന്റെ പ്രവേശനകവാടങ്ങളിൽ ഒന്നിൽ, ഈ ശ്ലോകാർദ്ധം കൊത്തിവെച്ചിട്ടുള്ളത് ഞാൻ കണ്ടിട്ടുണ്ടോ എന്നദ്ദേഹം ചോദിച്ചു. എത്രയോ തവണ ക്ഷേത്രം സന്ദർശിച്ച ഞങ്ങളാരും തന്നെ ശ്രദ്ധിക്കാത്ത ഒരു വസ്തുതയായിരുന്നു അത്. *ആനന്ദമഠം* എഴുതപ്പെടുന്നതിന് എത്രയോ വർഷങ്ങൾക്കു മുമ്പുതന്നെ, തീവ്രമായും സ്വതന്ത്രയായ സെമീന്ദാർ ആയിരുന്ന റാണി രാസമണി, 1855ൽ ഈ ക്ഷേത്രത്തിന്റെ പണി പൂർത്തിയാക്കിയിരുന്നു. ബങ്കിം ചന്ദ്ര, റാണിയെ സന്ദർശിച്ചിട്ടുള്ളതായി അറിവുണ്ടെന്നും, കാളീമാതാവിനു സമർപ്പിച്ച ഈ മനോഹര നവരത്നക്ഷേത്രം കാണാൻ അദ്ദേഹം തീർച്ചയായും വന്നിട്ടുണ്ടാകുമെന്നും ക്ഷേത്രരക്ഷാധികാരിയായ ശ്രീ കുശാൽ ചൗധുരി എന്നെ അറിയിച്ചു. അദ്ദേഹത്തിന് ഉത്തരം നൽകാനാവാതെ പോയ ചോദ്യം ഇതായിരുന്നു: റാണിയാണോ ഈ അർദ്ധശ്ലോകം കൊത്തിവെച്ചത്? ആരുടെ ആശയമായിരുന്നു അത്? ഈ വാക്കുകൾ എവിടെനിന്നെടുത്തു?

പിന്നെ ഞാൻ International Journal of Hindu Studiesന്റെ പത്രാധിപരും, Hindu World എന്ന സർവ്വവിജ്ഞാനകോശപദ്ധതിയുടെ സഹകർത്താവുമായ പ്രൊഫസർ Sushil Mittalനെ സമീപിച്ചു. അദ്ദേഹം എന്റെ ചോദ്യം ചില പ്രധാന പണ്ഡിതർക്കയച്ചു. രാമായണത്തിന്റെ വിമർശപ്പതിപ്പിന്റെ ഇംഗ്ലീഷ് മൊഴിമാറ്റത്തിന്റെ എഡിറ്റർ, പ്രൊഫസർ Robert Goldmanൽ നിന്നും അദ്ദേഹത്തിനു ലഭിച്ച മറുപടി ഇതാ: "ഞാൻ കണ്ടതനുസരിച്ച്, ഈ ശ്ലോകം രാമായണകഥയുടെ ഒരു ഭാഷ്യത്തിൽ നിന്നാണെന്ന് വ്യക്തമായി തോന്നുന്നു. രാമൻ ഈ ശ്ലോകം ഒരു പ്രത്യേക ഘട്ടത്തിൽ, മിക്കവാറും യുദ്ധകാണ്ഡത്തിൽ, ലക്ഷ്മണനോട് പറയുന്നതാണെന്നു തോന്നുന്നു. പൂർണ്ണശ്ലോകം ഇപ്രകാരമാണ്:

അപി സ്വർണ്ണമയീ ലങ്കാ നമേ ലക്ഷ്മണ രോചതേ
ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി.

സ്വർണ്ണമയമായാൽപ്പോലും ലങ്ക എനിക്കു പ്രിയമല്ല. ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ വിലമതിപ്പുള്ളതാണ് ". പ്രൊഫസർ Goldman കൂട്ടിച്ചേർത്തു: "എന്നാൽ ഏതാണ് ഈ ശ്ളോകത്തിന്റെ കൃത്യമായ ഉറവിടം എന്നു തീർത്തുപറയാൻ എനിക്കാവില്ല. ആനന്ദരാമായണം, ക്ഷേമേന്ദ്രന്റെ രാമായണമഞ്ജരി, ചമ്പുരാമായണം മുതലായ മറ്റു സംസ്കൃത ഭാഷ്യങ്ങൾ പരിശോധിക്കണമെന്നാണ് എന്റെ നിർദ്ദേശം." ഞാൻ ഇത് ആനന്ദരാമായണത്തിൽ കണ്ടെത്തിയില്ല. മറ്റു കൃതികൾ എനിക്കു അപ്രാപ്യമാണ്. എന്നാൽ Bulckeയുടെ പഠനം, ഇതിഹാസത്തിന്റെ ഏതെങ്കിലും ഭാഷ്യത്തിൽ ഈ ശ്ളോകമുള്ളതായി പറയുന്നില്ല.

ആസ്ത്രേലിയയിൽ നിന്ന് പ്രൊഫസർ Jayant Bapat, സദൃശമായ ശ്ളോകം Marathi Bhasheecci Sanskrit Leni (മറാത്തി ഭാഷയിലെ സംസ്കൃത രത്നങ്ങൾ) എന്ന മറാത്തി പുസ്തകത്തിൽ കണ്ടെത്തിയതായി ഡോക്ടർ മിത്തലിനെ അറിയിച്ചു. എന്നാൽ അദ്ദേഹം കൂട്ടിച്ചേർക്കുന്നു: "ഇതെവിടെനിന്നു കിട്ടി എന്നു ഗ്രന്ഥകാരൻ പറയുന്നില്ല; ഉറവിടം അജ്ഞാതമാണെന്നു പറയുന്നു".

നമ്മുടെ ഇതിഹാസങ്ങളോ പുരാണങ്ങളോ മാതൃഭൂമി എന്ന സങ്കൽപത്തിന്റെ തെളിവുകളൊന്നും തന്നെ കാണിക്കാത്ത നിലയ്ക്ക്, ഈ ചൊല്ലിനെ രാമനിൽ ആരോപിക്കുന്നത് ചരിത്രവൈരുദ്ധ്യവും കെട്ടുകഥയുമാണ് എന്നാണെന്റെ വാദം. ഞാൻ പ്രൊഫസർ Brockingtonഓട്, ഇതേപ്പറ്റി എന്താണ് അദ്ദേഹത്തിന്റെ വിചാരം എന്ന് ചോദിച്ചപ്പോൾ, മാതൃഭൂമി എന്ന സങ്കൽപം, പത്തൊമ്പതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിനു മുമ്പെ, ചരിത്രവിരുദ്ധമാണെന്നു അദ്ദേഹം സമ്മതിച്ചു. അങ്ങനെയാണെങ്കിൽ, ദേശപ്രേമത്തിന്റെ ഉന്മാദത്തിൽ പിറന്നുവീണ, അജ്ഞാതകർത്തൃകമായ ഒരു മാസ്റ്റർപീസ് ശ്ളോകത്തിന്റെ നാടോടിസ്മരണയാണോ ഇത് - പിടി കിട്ടാത്ത പഞ്ചകന്യാ ശ്ളോകം[5] പോലെ മറ്റൊന്ന്?

1. പ്രദീപ് ഭട്ടാചാര്യ, ഐ. എ. എസ് (പ്രിൻസിപ്പൽ സെക്രട്ടറി, കൺസ്യൂമർ അഫയേഴ്സ് വിഭാഗം, പശ്ചിമ ബംഗാൾ ഗവൺമെന്റ്), The Secret of Mahabharata, Themes and Structure in the Mahabharata തുടങ്ങി ഇരുപത്തിരണ്ടോളം പുസ്തകങ്ങളുടെ കർത്താവാണ്.
   ഈ-മെയിൽ: kanakpradip@yahoo.com.

2. ആനന്ദമഠം - ബങ്കിം ചന്ദ്ര ചതോപാധ്യായ (1882).

3. മുഴുവൻ ശ്ളോകം ഇതാണ്:
   അപി സ്വർണ്ണമയീ ലങ്കാ നമേ രോചതി ലക്ഷ്മണ
   ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി.

4. അഹല്യാ ദ്രൗപദീ കുന്തീ താരാ മണ്ഡോദരീ തഥാ
   പഞ്ചകന്യാ സ്മരന്നിത്യം മഹാപാതകനാശനം.

5. Indology Listserver - ഇന്തോളൊജിക്കൽ പണ്ഡിതന്മാരുടെ സമൂഹത്തിൽ നിന്നും വിവരങ്ങൾ ശേഖരിക്കാൻ ഇന്തോളജിസ്റ്റുകൾ ചോദ്യങ്ങളയക്കുന്ന ഒരു website.